# ഷാ വലിയ്യുല്ലാഹിദ്ദഹ്‌ലവി (ക്രി. 1703-1763)

15, 16 നൂറ്റാണ്ടുകളിൽ ആരംഭിച്ച് 17-ാം നൂറ്റാണ്ടോടുകൂടി ശക്തി പ്രാപിച്ച യൂറോപ്യൻ നവോത്ഥാനവും വൈജ്ഞാനിക വിസ്ഫോടനവും മുസ്‌ലിം രാഷ്ട്രീയ ശക്തിക്കുമുമ്പിൽ ഉയർത്തിയ വെല്ലുവിളികളും മുസ്‌ലിംകളുടെ ആഭ്യന്തര ദൗർബല്യങ്ങളും കൂടി മുസ്‌ലിംലോകത്തെ അതിദാരുണമായ ഒരു സ്ഥിതിവിശേഷത്തിൽ എത്തിച്ചിരുന്നു. അത്തരം ഒരു സന്ദിഗ്ധ ഘട്ടത്തിലാണ് 18-ാം നൂറ്റാണ്ടിൽ ഷാ വലിയ്യുല്ലാഹിദ്ദഹ്‌ലവി ദൽഹിയിൽ രംഗപ്രവേശം ചെയ്യുന്നത്. തന്റെ കൺമുമ്പിൽ കണ്ടുകൊണ്ടിരുന്ന മുസ്‌ലിം രാഷ്ട്രീയത്തിന്റെ തകർച്ചയാണ് ഷാ വലിയ്യുല്ലാഹിദ്ദഹ്‌ലവിയിലെ പരിഷ്കർത്താവിന് ജന്മം നല്കിയത്. എട്ട് നൂറ്റാണ്ടുകാലം ശക്തമായി നിലനിന്ന മുസ്‌ലിം ഭരണകൂടത്തെ തകർച്ചയിലേക്ക് നയിച്ച കാരണങ്ങളെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും അദ്ദേഹം ചിന്തിച്ചു. ഇസ്‌ലാമിക ഭരണവ്യവസ്ഥയെ തുടക്കം മുതൽ തന്നെ പിടികൂടിയ രാജവാഴ്ച എന്ന ജാഹിലിയ്യത്, അന്യ സംസ്കാരങ്ങളുടെ സ്വാധീനം മൂലം മുസ്‌ലിംകളുടെ മതബോധത്തിൽ വന്ന അപചയം, സമുദായ ഗാത്രത്തിൽ അള്ളിപ്പിടിച്ച ധാർമിക ജീർണത, മതപരമായ വിഷയങ്ങളിലുള്ള വിഭാഗീയതയും കക്ഷിത്വവും, ഇസ്‌ലാമിക ശരീഅതിന്റെ വികാസക്ഷമത ഉറപ്പുവരുത്തുന്ന ഇജ്തിഹാദിനോടുള്ള അവഗണന, അന്ധമായ അനുകരണത്തോടുള്ള ആഭിമുഖ്യം തുടങ്ങിയവയാണ് മുസ്‌ലിം രാഷ്ട്രീയത്തിന്റെയും സാമൂഹിക ജീവിതത്തിന്റെയും അധഃപതനത്തിന്റെ മൗലിക കാരണമായി വലിയ്യുല്ലാ കണ്ടെത്തിയത്. വിമർശന പഠനം, നിർമാണപ്രവർത്തനം എന്നീ രണ്ട് മേഖലകളിലായിരുന്നു അദ്ദേഹത്തിന്റെ പരിഷ്കരണ പ്രവർത്തനങ്ങൾ. ഇസ്‌ലാമിക ചരിത്രത്തെ അത്യന്തം ഉൾക്കാഴ്ചയോടും ഇസ്‌ലാമിക മാനദണ്ഡപ്രകാരവും അദ്ദേഹം നിരൂപണം ചെയ്തു. ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇസ്‌ലാമിക സമൂഹത്തിലേക്ക് അരിച്ചുകയറിയ ബിദ്അതുകൾ ഓരോന്നായി ചൂണ്ടിക്കാട്ടി. ഇസ്‌ലാമിക ഖിലാഫതിന്റെ സ്ഥാനത്ത് അനിസ്‌ലാമിക രാജവാഴ്ച കയറിക്കൂടിയതും ഇജ്തിഹാദിന്റെ സ്ഥാനത്ത് അനുകരണ ഭ്രമം പിടികൂടിയതുമാണ് ഇത്തരം ജീർണതകൾക്കു കാരണമായി അദ്ദേഹം കണ്ടെത്തിയത്.

ചരിത്രപരമായ വിശകലനത്തിനുശേഷം ഷാ വലിയ്യുല്ലാ സ്വന്തം കാലഘട്ടത്തിൽ മുസ്‌ലിം സമൂഹത്തിന്റെ ബാഹ്യതലത്തിലും ആന്തരിക തലത്തിലും ബാധിച്ച രോഗ ബീജത്തിലേക്ക് വിരൽചൂണ്ടി. *തഫ്ഹീമാത്* എന്ന കൃതിയിൽ ഫിഖ്ഹിനെ സംബന്ധിച്ച് സന്തുലിതവും പക്ഷപാതരഹിതവുമായ ഒരു വീക്ഷണം അവതരിപ്പിച്ചു. *ഇൻസ്വാഫ്* എന്ന ലഘു കൃതിയിൽ വ്യത്യസ്ത കർമശാസ്ത്രസരണികളെ സംയോജിത രൂപത്തിൽ പുനഃക്രമീകരിക്കാനുള്ള മാർഗരേഖകൾ സമർപ്പിച്ചു. ഇജ്തിഹാദിന്റെ പ്രാധാന്യവും ഊന്നിപ്പറഞ്ഞു. ഇസ്‌ലാമിക വിജ്ഞാനപഠനം എന്നത് കർമശാസ്ത്ര ഗ്രന്ഥങ്ങളുടെ പഠനം മാത്രമായി പരിമിതപ്പെട്ടുപോവുകയും ഹദീഥ് പഠനം സർവത്ര അവഗണിക്കപ്പെടുകയും ചെയ്ത പശ്ചാത്തലത്തിൽ ഹദീഥ് പഠനത്തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിച്ചു. സർവോപരി ഇസ്‌ലാമിനെ ഒരു സമ്പൂർണ വ്യവസ്ഥിതി എന്ന നിലയിൽ അവതരിപ്പിച്ചു. ഇസ്‌ലാമിനെ സമ്പൂർണമായി സ്ഥാപിക്കാൻ രംഗപ്രവേശം ചെയ്യുന്ന ഒരു നവോത്ഥാന പ്രസ്ഥാനത്തിന്റെ ദാർശനികാടിത്തറയാകാൻ മാത്രം ഭദ്രമായിരുന്നു അദ്ദേഹത്തിന്റെ ചിന്തകൾ. പില്ക്കാലത്ത് ഇന്ത്യയിലെ ഇസ്‌ലാമിക സമൂഹത്തിൽ ദൃശ്യമായ സാമൂഹികവും രാഷ്ട്രീയവും വൈജ്ഞാനികവും മതപരവുമായ സകല പരിഷ്കരണ സംരംഭങ്ങൾക്കും പ്രചോദനമായത് ഷാ വലിയ്യുല്ലായുടെ ചിന്തകളാണ്.